പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2886

20.7.2011 ൽ
മറുപടിയ്ക്ക്

ടെക്നോപാർക്കിന്റെ വിശദാംശം

ചോദ്യം
ശ്രീ. ജി. സുധാകരൻ ;

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലികുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി)

എ) ടെക്നോപാർക്കിന് കേരള സർവകലാശാല മിനിമം വിലയ്ക്ക് സ്ഥലം വിട്ടുകൊടുത്തപ്പോൾ, ടെക്നോപാർക്കിലെ സ്ഥാപനങ്ങളിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും കോളേജുകളിലെ പി.ജി. വിദ്യാർത്ഥികൾക്കും അവിടെ ഗവേഷണ പഠനങ്ങൾക്കുള്ള ചില സഹായങ്ങൾ നൽകുമെന്ന ധാരണ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെ ഒരു പദ്ധതി സർവകലാശാലയുമായി ചേർന്ന് നടപ്പാക്കുമോ ;

എ) ടെക്നോപാർക്കിന് കേരള സർവ്വകലാശാല സ്ഥലം നൽകിയപ്പോൾ ടെക്നോപാർക്കിലെ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ഗവേഷണ പഠനങ്ങൾക്കുള്ള സഹായങ്ങൾ നൽകുമെന്ന ധാരണ ഉണ്ടായിരുന്നില്ല. എങ്കിലും സർവ്വകലാശാല, കോളേജ് വിദ്യാർത്ഥികൾക്ക് ടെക്നോപാർക്ക് സന്ദർശിക്കുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനുമൊക്കെയുള്ള സൗകര്യങ്ങൾ ടെക്നോപാർക്ക് നൽകുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളിലെ നൂതന ആശയങ്ങൾ ഐ.ടി./ഐ.ടി. അനുബന്ധ മേഖലയ്ക്ക് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തുന്നതിനും മറ്റ് സാങ്കേതിക സഹായങ്ങൾ/ആവശ്യമായ ഉപദേശങ്ങൾ ഇവ നൽകുന്നതിനുമെല്ലാം ടെക്നോപാർക്കിന്റെ Technology Business Incubation സഹായകരമാകുന്നു. ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷനെ യൂണിവേഴ്സിറ്റിയുടെ റിസർച്ച് സെന്റർ ആക്കുന്നതിനായി യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്.

ബി) ടെക്നോപാർക്കിന്റെ ശിലാസ്ഥാപനം നടത്തിയതെന്നാണെന്നും ആരാണെന്നും വ്യക്തമാക്കുമോ ; പ്രസ്തുത ചടങ്ങിൽ ഏതെല്ലാം അധികാരികളാണ് ഔദ്യോഗികമായി സംബന്ധിച്ചത് ;

ബി) ടെക്നോപാർക്കിന്റെ ശിലാസ്ഥാപനം 31.3.1991 ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.കെ. നായനാർ ആണ് നിർവഹിച്ചത്. പ്രസ്തുത ചടങ്ങിൽ മന്ത്രിമാരായിരുന്ന ശ്രീമതി കെ.ആർ. ഗൗരിയമ്മ, ശ്രീ. ബേബി ജോൺ, വ്യവസായ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ ഉപദേഷ്ടാവായിരുന്ന ശ്രീ. കെ.പി.പി. നമ്പ്യാർ, ഡോ. ജി. ബാലമോഹൻ തമ്പി (വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി), ശ്രീ. മോഹന ചന്ദ്രൻ (സെക്രട്ടറി, വ്യവസായ വകുപ്പ്) എന്നിവർ പങ്കെടുത്തു.

| | | | |
|---|---|---|---|
| സി) | ടെക്നോപാർക്ക് ഉദ്ഘാടനം ചെയ്തത് എന്നാണ് ; ആരാണ് ഉദ്ഘാടനം ചെയ്തത് ; അന്നത്തെ ചടങ്ങിൽ ഔദ്യോഗികമായി സംബന്ധിച്ചത് ആരെല്ലാം ; | സി) | 1995 നവംബർ 18-ാം തീയതി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. പി.വി. നരസിംഹ റാവു ആണ് ടെക്നോപാർക്ക് ഉദ്ഘാടനം ചെയ്ത് രാജ്യത്തിന് സമർപ്പിച്ചത്. ആ ചടങ്ങിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി, ശ്രീ. കെ. കരുണാകരൻ (കേന്ദ്ര വ്യവസായ വകുപ്പ് മന്ത്രി), ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായ വകുപ്പ് മന്ത്രി), ശ്രീമതി സുശീല ഗോപാലൻ (എം.പി), ശ്രീ. ആർ. രാമചന്ദ്രൻ നായർ (ചീഫ് സെക്രട്ടറി) തുടങ്ങിയവർ സംബന്ധിച്ചിരുന്നു. |
| ഡി) | സർവകലാശാലയിൽ നിന്നും എത്ര ഏക്കർ ഭൂമി ലഭിച്ചു ; അതിനു നൽകിയ വില എന്ത് ; ഇപ്പോൾ ടെക്നോപാർക്കിലുള്ള കമ്പനികളുടെ എണ്ണം എത്ര ; അവയിൽ എല്ലാം കൂടി എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; ടെക്നോപാർക്കിലെ വാർഷിക വിറ്റുവരവ് ആകെ എത്ര ; ഇതിൽ നിന്നും സർക്കാരിനു ലഭിക്കുന്ന വരുമാനം എത്ര ; | ഡി) | സർവകലാശാലയിൽ നിന്നും 50 ഏക്കർ ഭൂമി ലഭിച്ചു. അതിന് 75 ലക്ഷം രൂപ വില നല്കി. ഇപ്പോൾ ടെക്നോപാർക്കിൽ 230 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. അവയിലെല്ലാം കൂടി ഏകദേശം 30,000 പേർ ജോലി ചെയ്യുന്നു. ടെക്നോപാർക്കിലെ വാർഷിക വിറ്റുവരവ് 2010-11 കാലയളവിൽ ഏകദേശം 1422.57 കോടി രൂപയാണ്. സ്ഥലവാടക, ഭൂമിയുടെ വാർഷിക വാടക എന്നിവയിലൂടെ 2010-11 ൽ ടെക്നോപാർക്കിന് 28,93,50,348 രൂപ ലഭിച്ചു. ഈ വരുമാനത്തിൽ നിന്നും സർക്കാരിന് ഒന്നും ലഭിച്ചിട്ടില്ല. |
| ഇ) | ടെക്നോപാർക്കിൽ സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടോ ? | ഇ) | ടെക്നോപാർക്കിലെ സംഘടനാ സ്വാതന്ത്ര്യം സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവുകൾ ഒന്നും ഇറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ